# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3880 2014 ജനുവരി 31-ാം തീയതി
മറുപടി നല്കേണ്ടത്

**കരാറുകാർക്ക് കുടിശ്ശിക തുക നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

**ചോദ്യം** **ഉത്തരം**

ശ്രീ. കെ.കെ. നാരായണൻ

ശ്രീ. കെ.എം. മാണി
നിയമവും
ഭവനനിർമ്മാണവും
വകുപ്പു മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) പൊതുമരാമത്തു പ്രവൃത്തികളുടെ ബിൽ തുക എത്രമാസാമായി നല്കാൻ കഴിയാതെ തടസ്സപ്പെട്ടിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | ഭരണവകുപ്പ് ശുപാർശയോടെ ധനകാര്യ വകുപ്പിൽ ലഭ്യമായ വിശദാംശങ്ങൾ പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം, കെട്ടിടം) വകുപ്പുകളിൽ 01.07.2013 മുതൽ 31.10.2013 വരെയും ജലവിഭവ വകുപ്പിൽ 01.06.2013 മുതൽ 31.07.2013 വരെയുമുള്ള കരാറുകാരുടെ കുടിശ്ശിക നല്കുവാനുണ്ട്. |
| ബി). കോൺട്രാക്റ്റർമാർക്ക് എത്ര കോടി രൂപ കുടിശ്ശിക നല്കാനുണ്ട് എന്ന് വ്യക്തമാക്കുമോ; | ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 384.38 കോടി രൂപയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 164.66 കോടി രൂപയും ജലവിഭവ വകുപ്പിൽ 61.39 കോടി രൂപയും കുടിശ്ശികയായി കോൺട്രാക്ടർമാർക്ക് നല്കുവാനുണ്ട്. |
| സി). കരാറുകാർക്ക് കുടിശ്ശിക തുക നല്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കമോ;<br><br>ഡി എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | ലഭ്യമായ ബഡ്ജറ്റ് വിഹിതത്തിന്റെ ധനപുനർവിനിയോഗം മുഖേന വിഹിതം ലഭ്യമല്ലാത്ത ശീർഷകങ്ങളിൽ തുക വകയിരുത്തി കരാറുകാരുടെ കുടിശ്ശിക മുൻഗണനാക്രമമനുസരിച്ച് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ